സർക്കുലർ

97/ NSS/DHSE/2017 24/07/2017

1969 ൽ ഗാന്ധിജിയുടെ ജന്മശതാബ്ദി വർഷത്തിൽ നാഷണൽ സർവ്വീസ് സ്കീമിന് തുടക്കം കുറിക്കുകയുണ്ടായി. ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി പ്രീഡിഗ്രി യൂണിവേഴ്സിറ്റികളിൽ നിന്നും വേർപെടുത്തി സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഭാഗമാക്കിയതോടുകൂടി 1992 ൽ 20 സ്കൂളുകളിലായി ഹയർ സെക്കണ്ടറി തലത്തിൽ നാഷണൽ സർവ്വീസ് സ്കീം ആരംഭിച്ചു.

ഹയർ സെക്കണ്ടറി എൻഎസ്എസിന്റെ രജത ജൂബിലി വർഷമായ 2017-18 ൽ വിവിധ പ്രവർത്തന പരിപാടികളോടെ ഒരു വർഷം നീണ്ടുനിൽക്കുന്ന ആഘോഷത്തിന് തുടക്കം കുറിക്കുകയാണ്. ഇതോടനുബന്ധിച്ച് ഒരു ലോഗോ പ്രകാശനം ചെയ്യുന്നതാണ്. ആയതിലേയ്ക്ക് ലോഗോ തെരഞ്ഞടുക്കുന്നതിന് ലോഗോ മത്സരം സംഘടിപ്പിക്കുന്നു. ലോഗോ മത്സരത്തിൽ വോളണ്ടിയർമാർ,പ്രോഗ്രാം ഓഫീസർമാർ, മറ്റ് ഹയർ സെക്കണ്ടറി അധ്യാപകർ, പ്രിൻസിപ്പൽമാർ എന്നിവർക്ക് പങ്കെടുക്കാവുന്നതാണ്. തെരഞ്ഞെടുക്കപ്പെടുന്ന ലോഗോയ്ക്ക് സമ്മാനം നൽകുന്നതാണ്. ലോഗോ 01/08/2017 ന് മുൻപായി ഇമെയിൽ (dhsensskerala@gmail.com) ചെയ്യേണ്ടതാണ്.

രജത ജൂബിലിയുടെ ഭാഗമായി 2017-18 ൽ ഭവനരഹിതരായ വിദ്യാർത്ഥികൾക്കും അർഹരായ മറ്റുള്ളവർക്കും എൻഎസ്എസ് രജത ഭവനങ്ങൾ നിർമ്മിച്ചുനൽകാൻ താൽപര്യമുള്ള യൂണിറ്റുകളുടെ വിവരം ജില്ലാ കൺവീനറെ അറിയിക്കേണ്ടതും ജില്ലാ കൺവീനർ 3/08/2017 ൽ എറണാകുളം എസ്എൻഎച്ച്എസ്എസ് അയ്യപ്പൻകാവിൽ വച്ചുനടക്കുന്ന മീറ്റിംഗിൽ ലിസ്റ്റ് സമർപ്പിക്കേണ്ടതുമാണ്.

എൻഎസ്എസ് രജതജൂബിലിയുടെ ഭാഗമായി പ്രസിദ്ധീകരിക്കുന്ന സുവനീറിൽ എൻഎസ്എസ് രജതഭവനങ്ങൾ നിർമ്മിച്ചു നൽകുന്ന യൂണിറ്റുകളുടെ പേരും വീടിന്റെ ഫോട്ടോയും(പഴയതും പുതിയതും) ഉൾപ്പെടുത്തുന്നതാണ്.

ഒപ്പ്
ഡയറക്ടർ